പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4571

25/06/2019- ൽ
മറുപടിയ്ക്ക്

**ഗുരുവായൂർ പോലീസ് സ്റ്റേഷന് ഭൂമി**

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് പോലീസ് അധികാരികളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ) & (ബി) ഉണ്ട്. അപേക്ഷ ലഭിച്ചതിനെ തുടർന്ന് ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് കുന്നംകുളം താലൂക്കിൽ കണ്ടാണശ്ശേരി പഞ്ചായത്തിൽ ആളൂർ വില്ലേജ് സർവ്വെ 240/1-ൽ ഉൾപ്പെട്ട ഭൂമി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കുന്നംകുളം തഹസിൽദാർക്ക് തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഭൂമി ബി.ടി.ആറിൽ സ്കൂൾ കളിസ്ഥലം എന്ന് രേഖപ്പെടുത്തിയതായും ടി സ്ഥലം വില്ലേജ് പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായും തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 5/12/2018, 24/12/2018 തീയതികളിലെ സെന്റ് തോമസ് ഫെറോന പള്ളി വികാരിയുടെ അപേക്ഷകളിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്ന ടി ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ട് നൽകുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും ബഹു. ഹൈക്കോടതിയിൽ WP(C)42459/18, 77/19 നമ്പരുകളിലായി വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതും ആയതിലേയ്ക്കായി വിശദമായ കാര്യവിവരപത്രികയും എതിർ സത്യവാങ്മൂലവും കുന്നംകുളം തഹസിൽദാർ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

Indu S S
സെക്ഷൻ ഓഫീസർ